# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/39/73/2018 2018 ഏപ്രിൽ 12

## പത്രക്കുറിപ്പ്

### എം.ജി. പഠനവകുപ്പുകളിൽ പി.ജി. പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 16 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നടത്തുന്ന എം.എ., എം.എസ്.സി., എൽ.എൽ.എം, എം.ടി.ടി.എം, എം.എഡ്. പ്രോഗ്രാമുകളിലെ പ്രവേശന പരീക്ഷയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 16 വരെ നടത്താവുന്നതാണ്. അവസാന വർഷ ഫലം കാത്തുനിൽക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷ സമർപ്പണത്തിനും ഫീസ്, വിശദവിവരങ്ങൾ എന്നിവയ്ക്കും www.cat.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പ്രവേശന പരീക്ഷയ്ക്ക് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 – 2733615. ഇമെയിൽ: catcellmguniversity@gmail.com.

### പരീക്ഷാ തീയതി

മെയ്/ജൂൺ മാസങ്ങളിൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ആർക്. പരീക്ഷകൾ മെയ് 9നും ബി.ടെക് പരീക്ഷകൾ 10നും ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.ബി.എം. (സി.ബി.സി.എസ്.എസ്. – യു.ജി. – 2015 അഡ്മിഷൻ റഗുലർ/2013 – 2014 അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 18, 19, 20 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ആറാം സെമസ്റ്റർ ബി.ബി.എ (സി.ബി.സി.എസ്.എസ്. – യു.ജി. – 2015 അഡ്മിഷൻ റഗുലർ/2013 – 2014 അഡ്മിഷൻ സപ്ലിമെന്ററി/റീഅപ്പിയറൻസ്) മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 17, 18, 19 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### എം.ഫിൽ പ്രവേശനം

സ്കൂൾ ഓഫ് ലെറ്റേഴ്സിൽ 2017-18 വർഷത്തിൽ എം.ഫിൽ ഇംഗ്ലീഷ്, മലയാളം തീയേറ്റർ ആർട്സ് പ്രവേശനപരീക്ഷയുടെ ഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രവേശനത്തിന് അർഹരായവർ ഏപ്രിൽ 17നകം ബന്ധപ്പെട്ട രേഖകളുമായി സ്കൂൾ ഓഫ് ലെറ്റേഴ്സിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 – 2731041

### മാർജിനൽ സീറ്റു വർദ്ധനവിന് അപേക്ഷിക്കാം

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തുന്ന വിവിധ ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് 2018-19 അദ്ധ്യയന വർഷത്തിൽ, നാമമാത്ര സീറ്റ് വർദ്ധനവിന് (മാർജിനൽ സീറ്റ് വർദ്ധനവ്) പ്രോഗ്രാം ഒന്നിന് 2000 രൂപ ഫീസ് സഹിതം ഏപ്രിൽ 20 വരെ അപേക്ഷിക്കാം. സർവ്വകലാശാലയിൽ ഫീസ് കുടിശികയുള്ള കോളേജുകൾക്ക് നാമമാത്ര സീറ്റുകൾ അനുവദിക്കുന്നതല്ല.

### പരീക്ഷാഫലം

2017 ജൂൺ മാസത്തിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി (സി.എസ്.എസ്., റഗുലർ & ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ഏപ്രിൽ മാസത്തിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടത്തിയ ഒന്നും മൂന്നും സെമസ്റ്റർ എം.എ. ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് (സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ആഗസ്റ്റ് മാസത്തിൽ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ സോഷ്യൽ വർക്ക്, ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്മെന്റ് സ്റ്റഡീസ് (സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. സുവോളജി (റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 26 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**